"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 279 ഉപവകുപ്പ് (2) പ്രകാരം പുറമ്പോക്ക് ഭൂമി, ഗ്രാമ പഞ്ചായത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.54/2024/LSGD തീയതി, തിരുവനന്തപുരം, 16-10-2024**

---

പരാമർശം:- 1. പട്ടയ വിതരണവുമായി ബന്ധപ്പെട്ട് 03/07/2024 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺ ലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് പട്ടയ വിതരണ നടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പട്ടയ വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03/07/2024-ൽ ചേർന്ന യോഗത്തിൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ കൈവശ ഭൂമി വർഷങ്ങളായി കൈവശം വച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം വിശദമായി പരിശോധിച്ച് പരാമർശം പ്രകാരം തീരുമാനമായിട്ടുണ്ട്.

2. പഞ്ചായത്ത് രാജ് നിയമം 279-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ അധീനതയിലുള്ളതും പൊതു ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ളതുമായ സ്ഥലങ്ങളുടെ നിയന്ത്രണാധികാരം പഞ്ചായത്തുകൾക്കാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേച്ചിൽപ്പുറങ്ങൾ, വണ്ടിത്താവളങ്ങൾ, ശ്മശാനങ്ങൾ തുടങ്ങിയ ടി ഭൂമികളുടെ നിയന്ത്രണാധികാരം വിജ്ഞാപനം വഴി റദ്ദാക്കുവാൻ പഞ്ചായത്ത് രാജ് ചട്ടം 279 (2) പ്രകാരം സർക്കാരിനോ സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അധികാരമുണ്ട്.

3. നിലവിൽ ഇക്കാര്യത്തിനായി പഞ്ചായത്തുകൾ പ്രമേയങ്ങൾ പാസ്സാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കായി വ്യാപകമായി സർക്കാരിലേക്ക് ശുപാർശകൾ നൽകുന്നുണ്ടെങ്കിലും, ഇത്തരത്തിലുള്ള ഭൂമി പുനർ നിക്ഷിപ്തമാക്കുന്നതിനു പല തട്ടുകളുള്ളത് കുറയ്ക്കുന്നത് അഭികാമ്യമായിരിക്കുമെന്നു വിലയിരുത്തപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ ചട്ടപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണാധികാരം ലഭിച്ച ഭൂമിയിൽ പട്ടയം നൽകുന്നതിനു

മാത്രം ഭൂമി പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള അധികാരം വിനിയോഗിക്കുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്താവുന്നതാണെന്ന് പരാമർശം പ്രകാരം തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ വകുപ്പ് 279 പ്രകാരമുള്ള പഞ്ചായത്തിന്റെ കൈവശ ഭൂമികളിൽ പട്ടയം അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പട്ടയം നൽകുന്ന ആവശ്യത്തിലേയ്ക്കായി മാത്രം ഇത്തരം ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള അധികാരം വിനിയോഗിക്കുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായി ജില്ലാ കളക്ടറെ ചുമതപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനുപമ ടി വി**

**സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി, വെബ് ന്യൂ മീഡിയ.
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (ആർ.ഇ 2/198/2024-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 16-10-2024 15:05:58
സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് (എൽ1/108/2024/ആർ.ഡി പ്രകാരം).